പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4992

24/7/15 ലെ മറുപടിയ്ക്ക്

ശരണ്യ സ്വയം തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) ശരണ്യ സ്വയം തൊഴിൽ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ പദ്ധതി പ്രകാരം എത്ര പേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; | (എ) ഉണ്ട്. 24/7/10 തീയതിയിലെ ജി.ഒ. (പി) 81/2010/തൊഴിൽ പ്രകാരം നിലവിൽ വന്ന പദ്ധതിയാണിത്. കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും, 18 നും 55 നും മധ്യേ പ്രായമുള്ളതുമായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, ഭർത്താവ് ഉപേക്ഷിച്ചവർ, മുപ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് വായ്പയും, സബ്സിഡിയും സർക്കാർ, എംപ്ലോയ് മെന്റ് വകുപ്പ് മുഖാന്തിരം അനുവദിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- രൂപ വരെ പലിശരഹിത വായ്പയും, വായ്പാ തുകയുടെ 50% സബ്സിഡിയും അനുവദിക്കുന്നു.<br><br>ശരണ്യ പദ്ധതി ആരംഭിച്ച 2010-11 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെ 14 ജില്ലകളിലായി ആകെ 9460 പേർക്ക് പദ്ധതി പ്രകാരം |

............2

സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. വർഷം, ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.

ബി) എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് ഒരാൾക്ക് നിലവിൽ നൽകുന്നത്; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ;

ബി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- രൂപവരെ പലിശരഹിത വായ്പ അനുവദിക്കുന്നു. വായ്പ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. പ്രോജക്ട് നോക്കി, ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ, ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50000/- രൂപയിൽ കൂടുതൽ വായ്പ ആവശ്യമുള്ളവർ 50000/- രൂപയ്ക്ക് മേലുള്ള തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതും, 3% പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000/- രൂപയ്ക്കുമേലുള്ള സംഖ്യക്ക് നൽകേണ്ടതുമാണ്. വായ്പ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സി) പദ്ധതിക്കായി തെരഞ്ഞെടുക്കുന്നവർക്ക് പരിശീലനം നൽകാറുണ്ടോ; എങ്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്; വർഷം, ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ?

സി) പദ്ധതി പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നവർക്ക് സംരംഭകത്വ വികസന പരിശീലനം നൽകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് പരിശീലനം നൽകിയവരുടെ വർഷം, ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം II ആയി ചേർക്കുന്നു.

---

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നമ്പർ | ജില്ല | സാമ്പത്തിക വർഷം 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | ആകെ |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 93 | 107 | 147 | 173 | 365 | 885 |
| 2. | കൊല്ലം | 59 | 62 | 225 | 281 | 751 | 1378 |
| 3. | പത്തനംതിട്ട | 14 | 37 | 84 | 159 | 0 | 294 |
| 4. | ആലപ്പുഴ | 28 | 115 | 352 | 251 | 428 | 1174 |
| 5. | കോട്ടയം | 45 | 51 | 153 | 163 | 24 | 436 |
| 6. | ഇടുക്കി | 18 | 43 | 79 | 200 | 210 | 550 |
| 7. | എറണാകുളം | 25 | 89 | 106 | 337 | 199 | 756 |
| 8. | തൃശ്ശൂർ | 41 | 50 | 106 | 107 | 423 | 727 |
| 9. | പാലക്കാട് | 15 | 66 | 84 | 247 | 713 | 1125 |
| 10. | മലപ്പുറം | 32 | 59 | 92 | 250 | 165 | 598 |
| 11. | കോഴിക്കോട് | 16 | 93 | 118 | 197 | 305 | 729 |
| 12. | വയനാട് | 16 | 35 | 41 | 120 | 12 | 224 |
| 13. | കണ്ണൂർ | 22 | 39 | 80 | 188 | 107 | 436 |
| 14. | കാസറഗോഡ് | 15 | 51 | 27 | 55 | 0 | 148 |
| | ആകെ | 439 | 897 | 1694 | 2728 | 3702 | 9460 |

സെക്ഷൻ ഓഫീസർ.

## അനുബന്ധം II

| ക്രമ നമ്പർ | ജില്ല | സാമ്പത്തിക വർഷം | | |
|---|---|---|---|---|
| | | 2012-13 | 2013-14 | 2014-15 |
| 1. | തിരുവനന്തപുരം | 147 | 173 | 792 |
| 2. | കൊല്ലം | 225 | 261 | 1022 |
| 3. | പത്തനംതിട്ട | 80 | 134 | 0 |
| 4. | ആലപ്പുഴ | 141 | 339 | 346 |
| 5. | കോട്ടയം | 44 | 213 | 0 |
| 6. | ഇടുക്കി | 79 | 200 | 210 |
| 7. | എറണാകുളം | 350 | 140 | 61 |
| 8. | തൃശ്ശൂർ | 57 | 184 | 352 |
| 9. | പാലക്കാട് | 54 | 315 | 745 |
| 10. | മലപ്പുറം | 92 | 250 | 165 |
| 11. | കോഴിക്കോട് | 118 | 310 | 192 |
| 12. | വയനാട് | 47 | 132 | 0 |
| 13. | കണ്ണൂർ | 80 | 188 | 107 |
| 14. | കാസറഗോഡ് | 0 | 48 | 0 |
| | ആകെ | 1514 | 2907 | 3992 |

സെക്ഷൻ ഓഫീസർ